**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** **10-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം ടൂറിസം മേഖലയിലുണ്ടായ തളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ . സണ്ണി ജോസഫ് | | Shri P. A. Mohamed Riyas (പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം സംസ്ഥാനത്തെ ടൂറിസം മേഖലയിലും അനുബന്ധ മേഖലയിലും ഉണ്ടായ തളർച്ച ഈ മേഖലകളുമായി ബന്ധപ്പെട്ട പതിനായിരങ്ങളുടെ ജീവിതം വഴിമുട്ടിച്ചു എന്നതു വസ്തുതയല്ലേ; | (എ) | അതേ. |
| (ബി) | ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നോ; ഇല്ലെങ്കിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി കേരളാ ബാങ്ക് വഴി മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാത്രമല്ല അംഗീകൃത ടൂറിസം ഗൈഡുമാർക്ക് ലഭ്യമാക്കിയ 10,000/- രൂപയുടെ ഒറ്റത്തവണ ധന സമാശ്വാസ പദ്ധതിയും നടപ്പാക്കി. |
| (സി) | ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവിനു സാവകാശം നേടിക്കൊടുക്കാനും അവരുടെ സിബിൽ റേറ്റിംഗിനെ ബാധിക്കാതിരിക്കാനും സർക്കാർ മുൻകൈയെടുക്കുമോ; | (സി) | ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവിന് സാവകാശം നേടിക്കൊടുക്കുവാനും അവരുടെ സിബിൽ റേറ്റിംഗിനെ ബാധിക്കാതിരിക്കാനും എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി കൂടിയാലോചിക്കുന്നതാണ്. |
| (ഡി) | ടൂറിസം മേഖലയിലെ പുതിയ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ടൂറിസം മേഖലയിലെ നിലവിലുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ഇപ്പോൾ തന്നെ മുഖ്യമന്ത്രിയുടെ ലോൺ സ്കീം പ്രകാരം വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ സംരംഭകർക്കായി 'KFC' വായ്പ അനുവദിക്കുന്ന കാര്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ പുതിയ സംരംഭങ്ങളുടെ കാര്യം കൂടി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ